**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2262** **06.10.2016 -ൽ മറുപടിക്ക്**

## കടൽ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ദാസൻ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കടൽ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന എത്ര കുടുംബങ്ങൾ ഉണ്ട് എന്നത് തിട്ടപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം/ കൈവശാവകാശ രേഖ ഉറപ്പാക്കുന്ന കാര്യത്തിൽ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ; ഇത്തരം വിഭാഗത്തിന് പട്ടയം നൽകുന്നതിന് നിയമതടസ്സമുണ്ടോ; | (എ) | തിട്ടപ്പെടുത്തിയിട്ടില്ല.<br>1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 11(2)(v), 1995-ലെ മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 6(2)(v) എന്നിവ പ്രകാരം ഉയർന്ന ജലപരിധിക്ക് (HTL) 100 അടി വിസ്തൃതിയിലുള്ള സ്ഥലത്ത് താല്കാലിക പട്ടയം നൽകുന്നതിനും ഈ പരിധിക്ക് പുറത്തുള്ള പ്രദേശത്ത് സ്ഥിര പട്ടയം നൽകുന്നതിനും വ്യവസ്ഥയുണ്ട്. എന്നാൽ CRZ (കോസ്റ്റൽ റെഗുലേഷൻ സോൺ) നോട്ടിഫിക്കേഷൻ പ്രകാരം, തീരപ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണമുള്ള സാഹചര്യത്തിൽ CRZ നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾ കൂടി പരിഗണിച്ച് ഭൂമി പതിവ് ചട്ടങ്ങൾക്ക് വിധേയമായി ഭൂമിയുടെ പട്ടയം നൽകുന്ന നടപടി തുടർന്നു വരുന്നു |
| (ബി) | കൊയിലാണ്ടി മണ്ഡലത്തിൽ എത്ര കുടുംബങ്ങൾ ഇപ്രകാരം കടൽ പുറംമ്പോക്ക് ഭൂമിയിൽ താമസിക്കുന്നുണ്ട് എന്നത് വിശദമാക്കാമോ; | (ബി) | 35 കുടുംബങ്ങൾ കടൽ പുറമ്പോക്കിൽ താമസിക്കുന്നു. |
| (സി) | വളരെ ദരിദ്രരും ഭൂരഹിതരുമായ മത്സ്യതൊഴിലാളികളുമായ ഇത്തരം കുടുംബങ്ങളുടെ കാര്യത്തിൽ പട്ടയം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ